(സി) സർവ്വീസിൽ നിന്നും പിരിഞ്ഞതിനുശേഷം ഒരു ഓഫീസർക്ക് ഐ.എഫ്.എസ്. നൽകി പുനർനിയമനം നൽകിയിട്ടുണ്ട്. ടി നിയമനം കേരള ഹൈക്കോടതിയിൽ ഇപ്പോൾ നിലവിലുള്ള ഡബ്ല്യു.പി. (ബി) നമ്പർ 11425/04-ന്റെ വിധിക്ക് വിധേയമായിട്ടാണ്.

പി.ടി.പി. നഗറിലെ ഫോറസ്റ്റ് സർവ്വേ അസിസ്റ്റന്റ് ഡയറക്ടറാഫീസിന്റെ പ്രവർത്തനങ്ങൾ

119 [2992] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് പി.ടി.പി. നഗറിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് സർവ്വേ അസി. ഡയറക്ടറാഫീസിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

രേഖകളനുസരിച്ചുള്ള വനാതിർത്തി നിർണ്ണയിക്കുക, വനഭൂമിയും സ്വകാര്യ ഭൂമിയും തമ്മിലുള്ള പൊതു അതിർത്തിയിൽ സർവ്വേ റിക്കാർഡുകൾ അനുസരിച്ച് അതിർത്തി പുനർനിർണ്ണയം നടത്തി തർക്കം പരിഹരിക്കുക, മറ്റു വനഭൂമി അളന്നു തിട്ടപ്പെടുത്തുക, 1971-ലെ സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത ഭൂമികളെ സംബന്ധിച്ച് സ്വകാര്യ വ്യക്തികളുടെ പരാതിയിൻമേൽ കോടതി തീരുമാനമനുസരിച്ച് സ്വകാര്യ വ്യക്തകൾക്ക് വിട്ടുകൊടുക്കേണ്ടതായ ഭൂമി അളന്നു തിട്ടപ്പെടുത്തുക, ബഹുമാനപ്പെട്ട കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വേ ജോലികൾ ചെയ്യുക എന്നിവയാണ് ഫോറസ്റ്റ് അസിസ്റ്റന്റ് സർവ്വേ ഡയറക്ടാഫീസിൽ ചെയ്യുന്നത്.

മടവൂർ ഇളമ്പക്കോട്ടെ യൂക്കാലിപ്റ്റ്സ് പ്ലാന്റേഷൻ

120 [2993] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ മണ്ഡലത്തിലെ മടവൂർ ഗ്രാമപഞ്ചായത്തിൽ ഇളമ്പക്കോട് എന്ന സ്ഥലത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്റ്റ്സ് പ്ലാന്റേഷൻ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇളമ്പക്കോട് എന്ന സ്ഥലത്ത് റിസർവ്വായി വിജ്ഞാപനം ചെയ്തിട്ടുള്ള 165.92 ഹെക്ടർ വനപ്രദേശത്ത് ഇപ്പോൾ വനം വകുപ്പ് യൂക്കാലിപ്റ്റ്സ് പ്ലാന്റേഷൻ നടത്തുന്നില്ല. എന്നാൽ 15 ഹെക്ടർ കശുമാവ് തോട്ടവും 97 ഹെക്ടറിൽ അക്കേഷ്യ തോട്ടവും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly